ഫിൻ(2)4297/2019 സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 16.11.2019

## സർക്കുലർ നമ്പർ. 47/19

വിഷയം : സഹകരണ വകുപ്പ് - ഫിനാൻസ് - നികുതിയേതര വരുമാനത്തിന്റെ പ്രതിമാസ പത്രിക ( Non tax Revenue Collection Statement) സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന : 1.സർക്കാരിന്റെ 04.10.2019 ലെ E-1314780/BW-G2/2019-FIN നമ്പർ കത്ത്
2. സർക്കാരിന്റെ 25.10.2019 ലെ G.O.(Rt)457/2019/P&EA ലെ നമ്പർ ഉത്തരവ്
3. ഈ ആഫീസിലെ 25.10.2019 ലെ ഇതേ നമ്പർ കത്ത്

സഹകരണ വകുപ്പിന്റെ നികുതിയേതര വരുമാനത്തിന്റെ വിവരങ്ങൾ എല്ലാ മാസവും 4-ാം തീയതിയ്ക്കുമുൻപ് സർക്കാരിലേയ്ക്ക് ലഭ്യമാക്കണമെന്ന് സൂചന (1) പ്രകാരം സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. സൂചന(2) പ്രകാരം സർക്കാരിന്റ നികുതിയേതര വരുമാനം വീക്ഷിക്കുന്നതിന് ഒരു സമിതിയെയും (Resource Mobilisation Committee) നിയമിച്ചിട്ടുണ്ട്. നികുതിയേതര വരുമാനത്തിന്റെ പ്രതിമാസ പത്രിക എല്ലാ മാസവും 2-ാം തീയതിയ്ക്കുമുൻപ് ലഭ്യമാക്കാൻ സൂചന (3) പ്രകാരം നിർദ്ദേശം നൽകിയെങ്കിലും എല്ലാ ജില്ലകളും സമയപരിധി പാലിച്ചിട്ടില്ല. ഈ ആഫീസിൽ നിന്നും യഥാസമയം സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിന് എല്ലാ ജില്ലകളിൽ നിന്നും വിവരങ്ങൾ ലഭിക്കേണ്ടതുണ്ട്. ആയതിനാൽ ഓരോ മാസത്തെയും നികുതിയേതര വരുമാനത്തിന്റ വിവരങ്ങൾ അടുത്തമാസം 2-ാം **തീയതിയ്ക്ക് മുൻപായി** ഈ ആഫീസിൽ ലഭ്യമാക്കണമെന്ന് അറിയിക്കുന്നു.

കാലതാമസം ഒഴിവാക്കുന്നതിനും, പ്രഫോർമ വിവരങ്ങൾ ലഘൂകരിക്കുന്നതിനുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പുതുക്കിയ പ്രഫോർമയിലാണ് ഇനി മുതൽ വിവരങ്ങൾ സമർപ്പിക്കേണ്ടത്. ആയത് പ്രകാരം ഓരോ മാസത്തെയും കളക്ഷൻ വിവരങ്ങൾ മാത്രം രേഖപ്പെടുത്തിയാൽ മതി. '0425' എന്ന് തുടങ്ങുന്ന ശീർഷകത്തിലെ വരവിനങ്ങളാണ് നികുതിയേതര വരുമാനത്തിന്റെ പ്രതിമാസ പത്രികയിൽ ഉൾപ്പെടുത്തേണ്ടത്.

ഒപ്പ്
ഡോ.പി.കെ ജയശ്രീ. ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്
1.സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
2.ജോയിന്റ് രജിസ്ട്രാർ(ജനറൽ), എല്ലാ ജില്ലകളും
3. ജോയിന്റ് ഡയറക്ടർ(ആഡിറ്റ്), എല്ലാ ജില്ലകളും
4.എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും (ജോ. രജിസ്ട്രാർ(ജനറൽ) മുഖേന)
5.എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും (ജോ. ഡയറക്ടർ(ആഡിറ്റ്)മുഖേന)
6.ഡെപ്യൂട്ടി ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കെ.സി.എം.എം.എഫ്
7.അസിസ്റ്റന്റ് രജിസ്ട്രാർ/സെക്രട്ടറി, സഹകരണ ആർബിട്രേഷൻ കോടതി തിരുവനന്തപുരം, കോഴിക്കോട്
8.എഡിറ്റർ, സഹകരണ വീഥി
9.വെബ് സൈറ്റ്

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഫിൻ)

Proforma

Non tax Revenue Collection Statement for the month of ……………………………………

| ITEM | HEAD OF ACCOUNT | Amount collected during the month ( Rs.) |
| --- | --- | --- |
| 1 | 2 | 3 |
| AUDIT FEES | 0425-101-99 | |
| GRANT FROM NCDC | 0425-800-99 | |
| ARBITRATION FEES | 0425-800-98 | |
| LIQUIDATION | 0425-800-97 | |
| KSR/Audit COST | 0425-800-96 | |
| FEES ON APPEAL OR APPLICATION FOR REVISION | 0425-800-95 | |
| APPLICATION FEE FOR REGISTRATION | 0425-800 -94 | |
| ELECTION FEES | 0425-501-99 | |
| OTHER ITEMS | 0425-800-93 | |
| **TOTAL** | | |